File No.DT/3215/2020-ITCELL

"ഭരണഭാഷ–മാതൃഭാഷ"

# വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 09/11/2020

**ചുറ്ററിയിപ്പ്**

വിഷയം വ്യാവസായിക പരിശീലന വകുപ്പ് – ഐ ടി സെൽ – വീഡിയോ കോൺഫറൻസ് സംവിധാനം മെച്ചപ്പെടുത്തുന്നത് - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന
1. സർക്കാരിൽ നിന്നുള്ള ITCELL-1/94/2020 നമ്പരായ 19/10/2020 തീയതിയിലെ ചുറ്ററിയിപ്പ്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള തീയതിയിലെ ഇതേ നമ്പരായ അറിയിപ്പ്.

കോവിഡ് – 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഔദ്യോഗിക യോഗങ്ങൾ വീഡിയോ കോൺഫറൻസ് സംവിധാനം മുഖേനയാണ് നടന്ന് വരുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ജനപ്രതിനിധികൾ, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്ന പ്രസ്തുത യോഗങ്ങളിൽ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച് സൂചന (1) ലൂടെ വ്യക്തമായ നിർദേശം നൽകിയിരിക്കുന്നു. ടി നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു .

വകുപ്പിന് കീഴിലുള്ള നോഡൽ ഐ ടി ഐ കളിൽ ഐ ടി മിഷന്റെ സഹകരണത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം (PeopleLink) മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കുന്നതിനു വേണ്ട നിർദേശം സൂചന (2) ചുറ്ററിയിപ്പിലൂടെ നൽകിയിട്ടുള്ളതാണ്. ഐ ടി സെൽ മുഖാന്തിരം വീഡിയോ കോൺഫറൻസ് സംഘടിപ്പിക്കുന്ന സെക്ഷനുകൾ മീറ്റിങ് നടക്കുന്നതിന് 2 ദിവസ്സം മുൻപ് തന്നെ ടി വിവരം ഐ ടി സെല്ലിനെ അറിയിക്കേണ്ടതാണ്. വീഡിയോ കോൺഫറൻസിംഗിനായി മറ്റ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന പക്ഷം (ZOOM, Google Meet തുടങ്ങിയവ) എല്ലാ സ്ഥാപനമേധാവികളും പരമാവധി സ്ഥാപനത്തിന്റെ മെയിൽ അക്കൗണ്ട് വഴി ലോഗിൻ ചെയ്ത് വീഡിയോ കോൺഫറൻസിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമില്ലാത്ത പക്ഷം മൈക്രോഫോൺ 'mute' ചെയ്യേണ്ടതാണ്. കൂടാതെ വീഡിയോ കോൺഫറൻസിങ്ങിനായി നൽകിയിട്ടുള്ള ലിങ്ക് മീറ്റിംഗിൽ പങ്കെടുക്കുവാൻ നിശ്ചയിച്ചിട്ടില്ലാത്ത വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ യാതൊരു കാരണവശാലും ഷെയർ ചെയ്യാൻ പാടില്ലാത്തതാകുന്നു. ടി നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്: 1) വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളും

പകർപ്പ്: 1) JD(T)/JD(RDT)/JD(SIMC)/DD(P)/DD(T)/DSA/ADO/AO 1/AO 2/AA

2) സെൻട്രൽ ഓഫീസർമാർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്